## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5101** 27.06.2019-ൽ മറുപടിയ്ക്ക്

### <u>തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലെ മെഷീനുകളുടെ ഗുണനിലവാരം</u>

| ചോദ്യം | | | മറുപടി |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ 2017-ൽ വാങ്ങിയ മെഷീനുകൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) യും (ബി) യും | പരിശോധിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ 2017 ൽ വാങ്ങിയ പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ നിലവിൽ പ്രവർത്തിക്കുന്നില്ല. ACME യുടെ ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകളും നിലവിൽ പ്രവർത്തിക്കുന്നില്ല. ഇക്കാര്യം കമ്പനിയെ നിരവധി തവണ അറിയിച്ചിരുന്നുവെങ്കിലും ടി കമ്പനി തകരാർ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ, പേയ്മെന്റ് നൽകിയിട്ടില്ല. ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പഞ്ചാബ് ആസ്ഥാനമായുള്ള ACME കമ്പനിയിൽ നിന്നും വാങ്ങിയ ഫുള്ളി ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകളെല്ലാം പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | | |



സെക്ഷൻ ഓഫീസർ